# അവ്യക്ത വർഷത്തിൽ ലക്ഷ്യത്തെയും ലക്ഷണത്തെയും സമാനമാക്കൂ

ഇന്ന് നിരാകാരിയും ആകാരിയുമായ ബാപ്ദാദ സർവ്വ ശ്രേഷ്ഠമായ ബ്രാഹ്മണാത്മാക്കളെ ആകാര രൂപത്തിലൂടെയും സാകാര രൂപത്തിലൂടെയും കണ്ടു കൊണ്ടിരിക്കുകയായിരുന്നു. സാകാര രൂപത്തിലുള്ള നിങ്ങളെല്ലാ ആത്മാക്കളും ബാബയുടെ സന്മുഖത്താണ്, ആകാരി രൂപധാരി കുട്ടികളും സന്മുഖത്താണ്. രണ്ടു പേരെയും ബാപ്ദാദ കണ്ട് ഹർഷിതമായി കൊണ്ടിരിക്കുന്നു. സർവ്വരുടെയും ഹൃദയത്തിൽ ഒരേയൊരു സങ്കല്പമാണ്, ഉത്സാഹമാണ്– നമ്മളെല്ലാവരും ബാബയ്ക്ക് സമാനം സാകാരി സൊ ആകാരിയും, ആകാരി സൊ നിരാകാരി ബാബയ്ക്ക് സമാനമാകണം. ബാപ്ദാദാ സർവ്വരുടെ ഈ ലക്ഷത്തെയും ലക്ഷണത്തെയും കണ്ടു കൊണ്ടിരിക്കുന്നു. എന്ത് കാണപ്പെട്ടു? ഭൂരിപക്ഷം പേരുടെയും ലക്ഷ്യം വളരെ നല്ലതും ദൃഢതയുള്ളതുമാണ് എന്നാൽ ലക്ഷണം ഇടയ്ക്ക് ദൃഢവും, ഇടയ്ക്ക് സാധാരണവുമായി മാറുന്നു. ലക്ഷ്യത്തിലും ലക്ഷണത്തിലും സമാനത വരിക, ഇതാണ് സമാനമാകുന്നതിന്റെ ലക്ഷണം. ലക്ഷ്യം ധാരണ ചെയ്യുന്നതിൽ ചിലർ 99ശതമാനം ആണ്, ബാക്കി നമ്പർവാറും. അതിനാൽ ലക്ഷ്യത്തെയും ലക്ഷണത്തെയും സ്വാഭാവിക സ്വഭാവമാക്കുന്നതിൽ വ്യത്യാസം എന്ത് കൊണ്ട്? സമയത്തിനനുസരിച്ച്, പരിതസ്ഥിതിക്കനുസരിച്ച്, പ്രശ്നത്തിനനുസരിച്ച് ചില കുട്ടികൾ പുരുഷാർത്ഥത്തിലൂടെ തന്റെ ലക്ഷ്യത്തെയും ലക്ഷണത്തെയും സമാനവുമാക്കുന്നു. എന്നാൽ അത് സ്വാഭാവിക സ്വഭാവമായി മാറണം, അതിൽ ഇപ്പോൾ കൂടുതൽ അറ്റൻഷൻ നല്കണം. ഈ വർഷം അവ്യക്ത ഫരിസ്ഥ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിന്റെ ആഘോഷം ആഘോഷിച്ചു കൊണ്ടിരിക്കുന്നു. ഇത് കണ്ട് ബാപ്ദാദ കുട്ടികളുടെ സ്നേഹവും പുരുഷാർത്ഥവും– രണ്ടിനെയും കണ്ട് കണ്ട് സന്തോഷിക്കുന്നു, ആഹാ കുട്ടികളെ, ആഹാ എന്ന ഗീതവും പാടുന്നു. അതോടൊപ്പം ഇപ്പോൾ മുന്നോട്ട് സർവ്വ കുട്ടികളുടെ ലക്ഷ്യത്തിലും ലക്ഷണത്തിലും സമാനത കാണാനാണ് ആഗ്രഹിക്കുന്നത്. നിങ്ങളെല്ലാവരും ഇത് തന്നെയല്ലേ ആഗ്രഹിക്കുന്നത്. ബാബയും ആഗ്രഹിക്കുന്നു, നിങ്ങളും ആഗ്രഹിക്കുന്നു, പിന്നീട് ഇടയിൽ എന്താണ്? അതും നല്ല രീതിയിൽ മനസ്സിലാക്കുന്നുണ്ടല്ലോ. പരസ്പരം ചർച്ച ചെയ്യുന്നുണ്ടല്ലോ.

ബാപ്ദാദ ലക്ഷ്യത്തിലും ലക്ഷണത്തിലും വ്യത്യാസം ഉണ്ടാകുന്നതിന്റെ വിശേഷപ്പെട്ട ഒരു കാര്യം കണ്ടു ആകാരി ഫരിസ്ഥയാകട്ടെ, നിരന്തരം നിരാകാരിയാകട്ടെ, സ്വാഭാവിക സ്വഭാവമാകട്ടെ– ഇതിന്റെ മുഖ്യ ആധരമാണ് നിരഹങ്കാരിയാകുക. അനേക പ്രകാരത്തിലുള്ള അഹങ്കാരമുണ്ട്. ഏറ്റവും വിശേഷപ്പെട്ടത്, പറയുമ്പോൾ ഒരു വാക്കിൽ– ദേഹാഭിമാനം എന്ന് പറയും എന്നാൽ ദേഹാഭിമാനത്തിന്റെ വിസ്താരം വളരെയധികമാണ്. ഒന്നുണ്ട് വലിയ രൂപത്തിലുള്ള ദേഹാഭിമാനം, അത് പല കുട്ടികളിലുമില്ല. സ്വയയം തന്റെ ദേഹം, മറ്റുള്ളവരുടെ ദേഹം, മറ്റുള്ളവരുടെ ദേഹത്തിലും ആകർഷണമുണ്ട് എങ്കിൽ , അതും ദേഹാഭിമാനമാണ്. ചില കുട്ടികൾ ഈ വലിയ രൂപത്തിനെ ജയിക്കുന്നു, വലിയ രൂപത്തിൽ ദേഹത്തിന്റെ ആകാരത്തിൽ ആകർഷണമോ അഭിമാനമോയില്ല. എന്നാൽ ഇതിനോടൊപ്പം ദേഹത്തിന്റെ സംബന്ധത്തിലൂടെ തന്റെ സംസ്ക്കാരം വിശേഷപ്പെട്ടതാണ്, ബുദ്ധി വിശേഷമാണ്, ഗുണം വിശേഷമാണ്, ചില കലകൾ വിശേഷമാണ്, ചില ശക്തികൾ വിശേഷമാണ് അതിന്റെ അഭിമാനം അർത്ഥം അഹങ്കാരം, ലഹരി, ആവേശം– ഇത് സൂക്ഷമ ദേഹാഭിമാനമാണ്. ഈ സൂക്ഷ്മ അഭിമാനങ്ങളിൽ ഏതെങ്കിലും അഭിമാനം ഉണ്ടെങ്കിൽ ആകാരി ഫരിസ്ഥ സ്വാഭാവികവും നിരന്തരവുമാകാൻ സാധിക്കില്ല, നിരാകാരിയുമാകാൻ സാധിക്കില്ല കാരണം ആകാരി ഫരിസ്ഥയിലും ദേഹാഭിമാനമില്ല, ഡബിൾ ലൈറ്റാണ്. ദേഹ അഹങ്കാരം നിരാകാരിയാകാൻ അനുവദിക്കില്ല. സർവ്വരും ഈ വർഷം നല്ല ശ്രദ്ധ വച്ചു. ഉണർവ്വും ഉത്സാഹവും ഉണ്ട്, നല്ല ആഗ്രഹവും ഉണ്ട്, ആഗ്രഹിക്കുന്നുമുണ്ട് എന്നാൽ മുന്നോട്ടും അറ്റൻഷൻ പ്ലീസ്. ചെക്ക് ചെയ്യൂ– ഏതൊരു പ്രകാരത്തിലുമുള്ള അഭിമാനം അഥവാ അഹങ്കാരം നാച്ചുറൽ സ്വരൂപത്തിലൂടെ പുരുഷാർത്ഥി സ്വരൂപമാക്കുന്നില്ലല്ലോ? ഏതൊരു സൂക്ഷമ അഭിമാനവും അംശ രൂപത്തിൽ പോലും അവശേഷിച്ചിട്ടില്ലല്ലോ, സമയത്തിനനുസരിച്ച് സേവനത്തിനനുസരിച്ച് പ്രത്യക്ഷപ്പെടുന്നുണ്ടോ? കാരണം അംശമായി ഉള്ളത് പോലും സമയത്ത് ചതിക്കുന്നു. അതിനാൽ ഈ വർഷത്തിൽ എന്ത് ലക്ഷ്യമാണോ വച്ചിട്ടുള്ളത്, ബാപ്ദാദ ഇത് തന്നെയാണ് ആഗ്രഹിക്കുന്നത് ലക്ഷ്യം സമ്പന്നമാകുക തന്നെ വേണം.

മുന്നോട്ട് പോകവേ വിശേഷിച്ചും സ്ഥൂല രൂപത്തിൽ ഏതെങ്കിലും ദിവസം, ഏതെങ്കിലും സമയത്ത് ഒരു തെറ്റ് ചെയ്തില്ലായെങ്കിലും ഇടയ്ക്കിടയ്ക്ക് ഇങ്ങനെ അനുഭവപ്പെടുന്നു– ഇന്ന് അഥവാ ഇപ്പോൾ അറിഞ്ഞു കൂടാ, എന്തു കൊണ്ട് സന്തോഷമുണ്ടാകുന്നില്ല ഇന്ന് ഒറ്റയ്ക്കാണെന്ന തോന്നൽ അഥവാ നിരാശ അഥവാ വ്യർത്ഥ സങ്കല്പങ്ങളുടെ കൊടുങ്കാറ്റ് എന്ത് കൊണ്ട് ഉണ്ടാകുന്നു! അമൃതവേളയും ചെയ്തു, ക്ലാസ്സും കേട്ടു, സേവനവും ചെയ്തു, ജോലിയും ചെയ്തു എന്നാൽ ഇങ്ങനെയെന്ത് കൊണ്ട് സംഭവിക്കുന്നു? കാരണമെന്താണ്? വലിയ രൂപത്തിൽ ചെക്ക് ചെയ്യുന്നുണ്ട്, മനസ്സിലാക്കുന്നു അതിൽ യാതൊരു തെറ്റു

മില്ലായെന്ന്. എന്നാൽ സൂക്ഷ്മ അഭിമാനത്തിന്റെ സ്വരൂപത്തിന്റെ അംശം സൂക്ഷ്മത്തിൽ പ്രകടമാകുന്നു അതിനാൽ മറ്റൊരു കാര്യത്തിലും മനസ്സ് പോകുന്നില്ല, വൈരാഗ്യം, ഉദാസീനത ഫീലാകുന്നു. അല്ലെങ്കിൽ ഏതെങ്കിലും ഏകാന്ത സ്ഥാനത്ത് പോകണം എന്ന് ചിന്തിക്കും, അല്ലെങ്കിൽ ഉറങ്ങാം എന്ന് ചിന്തിക്കും, റസ്റ്റെടുക്കാം അല്ലെങ്കിൽ പരിവാരത്തിൽ നിന്നും കുറച്ച് സമയത്തേക്ക് വേറിട്ടു നിൽക്കാം എന്ന് ചിന്തിക്കാം. ഈ സർവ്വ സ്ഥിതികളുടെ കാരണം അംശത്തിന്റെ അത്ഭുതമാണ്. അത്ഭുതമെന്ന് പറയാൻ സാധിക്കില്ല, ദേഹാഭിമാനത്തിന്റെ പൊട്ടിത്തെറിയാണ്. അതിനാൽ സമ്പൂർണ്ണ നിരഹങ്കാരിയാകുക അർത്ഥം സഹജമായി ആകാരി- നിരാകാരിയാകുക. എപ്പോഴും ഒരു ദിനചര്യ തന്നെയല്ലേ, മാറണം എന്ന് തോന്നാറില്ലേ? ആഗ്രഹിക്കാതെ തന്നെ ഈ സ്ഥിതിയുണ്ടാകുന്നു.

നിരഹങ്കാരിയായി തീരുമ്പോൾ ആകാരി നിരാകാരി സ്ഥിതിയിൽ നിന്നും താഴേക്ക് വരാൻ മനസ്സ് അനുവദിക്കില്ല. അതിൽ തന്നെ ലവ്‌ലീൻ അനുഭവം ചെയ്യും കാരണം നിങ്ങളുടെ യഥാർത്ഥമായ അനാദി സ്ഥിതി നിരാകാരിയല്ലേ. നിരാകാരി ആത്മാവ് ഈ ശരീരത്തിൽ പ്രവേശിച്ചിരിക്കുന്നു. ശരീരം ആത്മാവിൽ പ്രവേശിച്ചിട്ടില്ല, ആത്മാവ് ശരീരത്തിൽ പ്രവേശിച്ചു. അതിനാൽ അനാദി യഥാർത്ഥ സ്വരൂപം നിരാകാരിയല്ലേ അതോ ശരീരധാരിയാണോ? ശരീരത്തെ ആധാരമാക്കി എന്നാൽ എടുത്തത് ആരാണ്? നിങ്ങൾ ആത്മാവാണ്, നിരാകാരി സാകാര ശരീരത്തെ ആധാരമാക്കിയെടുത്തു. അപ്പോൾ യഥാർത്ഥമെന്തായി, ആത്മാവോ ശരീരമോ? ആത്മാവ്. ഇത് പക്കായല്ലേ? അതിനാൽ യഥാർത്ഥ സ്ഥിതിയിൽ സ്ഥിതി ചെയ്യുക സഹജമാണോ അതോ ആധാരമെടുക്കുന്ന സ്ഥിതിയാണോ സഹജം?

അഹങ്കാരം വരുന്നതിന്റെ വാതിൽ ഒരു വാക്കാണ്, അത് ഏതാണ്? ഞാൻ. ഈ അഭ്യാസം ചെയ്യൂ- ഞാൻ എന്ന ശബ്ദം ഉച്ഛരിക്കുമ്പോൾ യഥാർത്ഥ സ്വരൂപത്തെ മുന്നിൽ കൊണ്ടു വരൂ- ഞാൻ ആരാണ്? ഞാൻ ആത്മാവാണോ അതോ ഇന്നയാളാണോ? മറ്റുള്ളവർക്ക് ജ്ഞാനം നല്കുന്നുണ്ടല്ലോ, ഞാൻ എന്ന ശബ്ദം തന്നെയാണ് ഉയർത്തുന്നതും, ഇതേ ശബ്ദം തന്നെയാണ് താഴേക്ക് കൊണ്ടു വരുന്നതും. ഞാൻ എന്ന് പറയുമ്പോൾ യഥാർത്ഥമായ നിരാകാര സ്വരൂപത്തിന്റെ ഓർമ്മ വരണം, ഇത് നാച്ചുറലായാൽ പിന്നെ ആദ്യത്തെ പാഠം സഹജമായില്ലേ. അതിനാൽ ഇത് തന്നെ ചെക്ക് ചെയ്യൂ, ശീലം കൊണ്ടു വരൂ, ഞാൻ എന്നുള്ളത് ചിന്തിച്ചു, നിരാകാരി സ്വരൂപത്തെ സ്മൃതിയിൽ കൊണ്ടു വന്നു. എത്രയോ പ്രാവശ്യം ഞാൻ എന്ന വാക്ക് പറയുന്നു! ഞാൻ ഇത് പറഞ്ഞു, ഞാൻ ഇത് ചെയ്യും, ഞാൻ ഇത് ചിന്തിക്കുന്നു....അനേക പ്രാവശ്യം ഞാൻ എന്ന ശബ്ദത്തെ ഉപയോഗിക്കുന്നു. അതിനാൽ സഹജമായ വിധിയിതാണ്- ആകാരി അഥവാ നിരാകാരിയാകുന്നതിൽ ഈ ഞാൻ എന്ന ശബ്ദം ഉപയോഗിക്കുമ്പോൾ ഉടൻ തന്നെ തന്റെ നിരാകാരി യഥാർത്ഥ സ്വരൂപം മുന്നിൽ വരണം. ഇത് പ്രയാസമാണോ അതോ സഹജമാണോ? അങ്ങനെയെങ്കിൽ ലക്ഷ്യവും ലക്ഷണവും സമാനമായി. കേവലം ഈ യുക്തി നിരഹങ്കാരിയാകുന്നതിന്റെ സഹജമായ വിധി സ്വന്തമാക്കി നോക്കൂ. ഈ ദേഹബോധത്തിന്റെ ഞാൻ എന്നത് സമാപ്തമാകണം. കാരണം ഞാൻ എന്ന വാക്ക് തന്നെയാണ് ദേഹ അഹങ്കാരത്തിലേക്ക് എത്തിക്കുന്നത്. ഞാൻ നിരാകാരി ആത്മ സ്വരൂപമാണ്- എന്നത് സ്മൃതിയിൽ കൊണ്ടു വരികയാണെങ്കിൽ ഞാൻ എന്ന വാക്ക് തന്നെ ദേഹബോധത്തിൽ നിന്നുപരി കൊണ്ടു പോകുന്നു. ശരിയല്ലേ. മുഴുവൻ ദിനത്തിൽ 25-30 പ്രാവശ്യം തീർച്ചയായും പറയുമായിരിക്കുമല്ലോ. അപ്പോൾ ഇത്രയും പ്രാവശ്യത്തെ അഭ്യാസം, ആത്മ സ്വരൂപത്തിന്റെ സ്മൃതി എന്താക്കി മാറ്റുന്നു? നിരാകാരി. നിരാകാരിയായി. ആകാരി ഫരിസ്ഥയായി കാര്യം ചെയ്തു പിന്നെ നിരാകാരി! കർമ്മ സംബന്ധത്തിന്റെ സ്വരൂപത്തിലൂടെ സംബന്ധത്തിൽ വരൂ, സംബന്ധത്തെ ബന്ധനത്തിൽ കൊണ്ടു വരാതിരിക്കൂ. ദേഹാഭിമാനത്തിൽ വരിക അർത്ഥം കർമ്മ ബന്ധനത്തിൽ വരിക. ദേഹ സംബന്ധത്തിൽ വരിക അർത്ഥം കർമ്മ സംബന്ധത്തിൽ വരിക. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. ഫരിസ്ഥ അഥവാ നിരാകാരി ആത്മാവ് ദേഹത്തിന്റെ ആധാരമെടുത്ത് ദേഹത്തിന്റെ ബന്ധനത്തിൽ വരില്ല, സംബന്ധം വയ്ക്കും എന്നാൽ ബന്ധനത്തിൽ വരില്ല. അതിനാൽ ബാപ്ദാദ ഈ വർഷത്തിൽ റിസൾട്ട് നോക്കൂ- നിരഹങ്കാരി, ആകാരി ഫരിസ്ഥ, നിരാകാരി സ്ഥിതിയിൽ ലക്ഷ്യത്തെയും ലക്ഷത്തെയും എത്രമാത്രം സമാനമാക്കി?

മഹാനതയുടെ ലക്ഷണമാണ് വിനയം. എത്രത്തോളം വിനയമുണ്ടോ അത്രത്തോളം സർവ്വരുടെയും ഹൃദയത്തിൽ സ്വതവേ മഹാനായി മാറുന്നു. വിനയമില്ലാതെ സർവ്വരുടെയും മാസ്റ്റർ സുഖദാതാവാകാൻ സാധിക്കില്ല. വിനയം സഹജമായി തന്നെ നിരഹങ്കാരിയാക്കി മാറ്റുന്നു. വിനയത്തിന്റെ വിത്ത് മഹാനതയുടെ ഫലം സ്വതവേ പ്രാപ്തമാക്കി തരുന്നു. വിനയം സർവ്വരുടെയും ഹൃദയത്തിൽ ആശീർവാദങ്ങൾ പ്രാപ്തമാക്കി തരുന്നതിനുള്ള സഹജമായ സാധനമാണ്. സർവ്വരുടെയും മനസ്സിൽ വിനയമുള്ള ആത്മാവിനെ പ്രതി സഹജമായ സ്നേഹത്തിന്റെ സ്ഥാനം ഉണ്ടാക്കി തരുന്നു. വിനയം സ്വതവേ തന്നെ മഹിമയ്ക്ക് യോഗ്യരാക്കി മാറ്റുന്നു. അതിനാൽ നിരഹങ്കാരി ആകുന്നതിന്റെ വിശേഷ ലക്ഷണമാണ്- വിനയം. മനോഭാവനയിലും വിനയം, ദൃഷ്ടിയിലും വിനയം, വാക്കിലും വിനയം, സംബന്ധ സമ്പർക്കത്തിലും വിനയം. എന്റെ മനോഭാവനയിൽ ഉണ്ടായിരുന്നില്ല പക്ഷെ പറഞ്ഞു പോയി, അങ്ങനെയാകരുത്. മനോഭാവനയിലുള്ളത് പോലെയായിരിക്കും ദൃഷ്ടി, ദൃഷ്ടി പോലെയായിരിക്കും വാക്ക്, വാക്ക് പോലെയായി

രിക്കും സംബന്ധ സമ്പർക്കം. നാലിലും ഉണ്ടായിരിക്കണം. മൂന്നിലുണ്ട്, പക്ഷെ ഒന്നിലില്ലയെങ്കിൽ അഹങ്കാരം വരാനുള്ള ചാൻസ് ഉണ്ട്. അവരെയാണ് ഫരിസ്ഥയെന്ന് പറയുന്നത്. അപ്പോൾ മനസ്സിലായോ, ബാപ്ദാദ എന്താണ് ആഗ്രഹിക്കുന്നതെന്ന്, നിങ്ങൾ എന്താഗ്രഹിക്കുന്നുവെന്ന്? ആഗ്രഹം രണ്ട് പേരുടെയും ഒന്നാണ്, ഇപ്പോൾ ചെയ്യേണ്ടത് ഒന്നാണ്. ശരി.

ഇനി സേവനത്തിന്റെ പുതിയ പുതിയ എന്ത് പ്ലാനുകൾ ഉണ്ടാക്കും? കുറച്ചുണ്ടാക്കിയിട്ടുണ്ട്, കുറച്ച് ഉണ്ടാക്കും. ഈ വർഷമായിക്കോട്ടെ അടുത്ത വർഷമാകട്ടെ മറ്റ് പ്ലാനുകളെ കുറിച്ച് ചിന്തിക്കുന്നുണ്ടല്ലോ– പ്രഭാഷണം ചെയ്യും, സംബന്ധ സമ്പർക്കത്തെ വർദ്ധിപ്പിക്കും, വലിയ പ്രോഗ്രാമുകൾ ഉണ്ടാക്കും, ചെറിയ പ്രോഗ്രാമുകളും ഉണ്ടാക്കും, അപ്പോൾ ചിന്തിക്കുന്നുണ്ട് എന്നാൽ വർത്തമാന സമയത്തിനനുസരിച്ച് ഇപ്പോൾ സേവനത്തിന്റെ ഗതിയും തീവ്രമാകണം. അതെങ്ങനെ സംഭവിക്കും? വാണിയിലൂടെ, സംബന്ധ സമ്പർക്കത്തിലൂടെ സേവനം ചെയ്തു കൊണ്ടിരിക്കുന്നുണ്ട്, മനസ്സാ സേവനവും ചെയ്യുന്നുണ്ട് എന്നാൽ ഇപ്പോൾ ഇനി കുറച്ച് സമയത്തിനുള്ളിൽ സേവനത്തിൽ കൂടുതൽ സഫലതയാണ് വേണ്ടത്. സഫലത അർത്ഥം റിസൾട്ട്. അതിനുള്ള വിധിയാണ് വാണിയോടൊപ്പം ആദ്യം തന്റെ സ്ഥിതിയുടെയും സ്ഥാനത്തിന്റെയും വൈബ്രേഷൻസ് ശക്തിശാലിയാക്കൂ. നിങ്ങളുടെ ജഢ ചിത്രം എന്ത് സേവനമാണ് ചെയ്തു കൊണ്ടിരിക്കുന്നത്? വൈബ്രേഷൻസിലൂടെ എത്രയോ ഭക്തരെ പ്രസന്നമാക്കുന്നു! ഡബിൾ വിദേശികൾ ക്ഷേത്രങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങളുടെ തന്നെ ക്ഷേത്രങ്ങളല്ലേ! അതോ ഭാരതവാസികളുടേത് മാത്രമാണോ? നിങ്ങളുടെ ചിത്രം സേവനം ചെയ്തു കൊണ്ടിരിക്കുകയല്ലേ! അതിനാൽ വാണിയിലൂടെ ചെയ്തോളൂ പക്ഷെ ഇപ്പോൾ അങ്ങനെ പ്ലാനിംഗ് ചെയ്യൂ, വാണിയോടൊപ്പം വൈബ്രേഷൻസിന്റെ വിധിയെയുണ്ടാക്കൂ, വാണിയും വൈബ്രേഷൻസും ഒരുമിച്ച് കാര്യം ചെയ്യണം. വൈബ്രേഷൻ വളരെ കാലം ഉണ്ടായിരിക്കും. വാക്കുകളിലൂടെ കേട്ടത് ചിലപ്പോൾ ഇടയ്ക്കിടയ്ക്ക് പലരും മറന്നും പോകുന്നുണ്ട്. എന്നാൽ വൈബ്രേഷൻസിന്റെ പ്രഭാവം കൂടുതൽ സമയം നില നിൽക്കുന്നു. ഏതു പോലെ നിങ്ങൾ ജീവിതത്തിൽ അനുഭവികളല്ലേ– എന്തെങ്കിലും വിപരീതമായ വൈബ്രേഷൻ നിങ്ങളുടെ മനസ്സിൽ അഥവാ ബുദ്ധിയിൽ ഉണ്ടായാൽ അത് എത്ര സമയം നിലനിൽക്കുന്നു! വൈബ്രേഷൻ ഉള്ളിൽ നിലനിൽക്കുന്നില്ലേ. വാക്ക് ആ സമയത്ത് തന്നെ മറക്കും പക്ഷെ വൈബ്രേഷന്റെ രൂപത്തിൽ മനസ്സിലും ബുദ്ധിയിലും പ്രഭാവം ഉണ്ടാകുന്നു. എത്ര സമയം അതേ വൈബ്രേഷന് വശപ്പെട്ട്, ആ വ്യക്തിയുമായി പെരുമാറ്റത്തിൽ വരുന്നു? നേരെയാകട്ടെ, വിപരീതമായാകട്ടെ എന്നാൽ വൈബ്രേഷൻ ഇല്ലാതാകാൻ പ്രയാസമാണ്.

പക്ഷെ ഈ ആത്മീയ വൈബ്രേഷൻ വ്യാപിപ്പിക്കുന്നതിന് ആദ്യം തന്റെ മനസ്സിൽ, ബുദ്ധിയിൽ വ്യർത്ഥമായ വൈബ്രേഷൻ സമാപ്തമാക്കിയാലേ ആത്മീയ വൈബ്രേഷൻസ് വ്യാപിപ്പിക്കാൻ സാധിക്കുകയുള്ളൂ. മറ്റുള്ളവരെ പ്രതി വ്യർത്ഥമായ വൈബ്രേഷൻസ് ധാരണ ചെയ്തിട്ടുണ്ട് എങ്കിൽ ആത്മീയ വൈബ്രേഷൻസ് വ്യാപിപ്പിക്കാൻ സാധിക്കില്ല. വ്യർത്ഥമായ വൈബ്രേഷൻസ് ആത്മീയ വൈബ്രേഷൻസിന്റെ മുന്നിൽ ഒരു മതിലായി മാറുന്നു. സൂര്യൻ എത്ര തന്നെ പ്രകാശമയമാണെങ്കിലും, മുന്നിൽ ഒരു മതിൽ വന്നു, ചെറുതോ കറുത്തതോ ആയ മേഘങ്ങൾ വന്നുവെങ്കിൽ സൂര്യന്റെ പ്രകാശത്തെ ഉജ്ജ്വലമാക്കില്ല. പക്കാ വൈബ്രേഷൻസാണ് മതിൽക്കെട്ട്, നേരിയ വൈബ്രേഷൻസാണ് കാർമേഘം, അത് ആത്മീയ വൈബ്രേഷൻസിനെ ആത്മാക്കളിൽ വരെയെത്താൻ അനുവദിക്കില്ല. സാഗരത്തിൽ വലയിട്ട് അനേകം സാധനങ്ങളെ ഒരുമിച്ച് കരസ്ഥമാക്കുന്നു, എവിടെയും വലയിട്ട് ഒരു സമയത്ത് തന്നെ അനേകം പേരെ സ്വന്തമാക്കുന്നു അപ്പോൾ വൈബ്രേഷന് ഒരേ സമയത്ത് തന്നെ അനേകം ആത്മാക്കളെ ആകർഷിക്കാൻ സാധിക്കും. വൈബ്രേഷൻ അന്തരീക്ഷത്തെയുണ്ടാക്കുന്നു. അതിനാൽ മുന്നോട്ടുള്ള സേവനത്തിൽ മനോഭാവനയിലൂടെ ആത്മീയ വൈബ്രേഷൻസിനോടൊപ്പം സേവനം ചെയ്യൂ, എങ്കിൽ ഫാസ്റ്റായി പോകാൻ സാധിക്കും. വൈബ്രേഷനും അന്തരീക്ഷത്തിനോടൊപ്പം കൂടെ തന്നെ വാക്കുകളിലൂടെ സേവനം ചെയ്യുകയാണെങ്കിൽ ഒരേ സമയത്ത് തന്നെ അനേകം ആത്മാക്കളുടെ മംഗളം ചെയ്യാൻ സാധിക്കും.

ബാക്കി പ്രോഗ്രാമുകൾക്കായി നേരത്തെ തയ്യാറാക്കപ്പെട്ടിട്ടുള്ള സ്റ്റേജിനെ കൂടുതൽ ഉപയോഗിക്കൂ, അതിനെ വർദ്ധിപ്പിക്കൂ. സമ്പർക്കത്തിലുള്ളവരിലൂടെ ഈ സഹയോഗം എടുത്ത് ഈ സേവനത്തിന്റെ അഭിവൃദ്ധി പ്രാപ്തമാക്കാൻ സാധിക്കും. സഹയോഗികളുടെ സഹയോഗം ഏതെങ്കിലും വിധിയിലൂടെ വർദ്ധിപ്പിക്കൂ എങ്കിൽ സ്വതവേ തന്നെ സേവനത്തിൽ സഹയോഗിയാകുന്നതിലൂടെ സഹജയോഗിയായി മാറും. ചില ആത്മാക്കൾ നേരെ സഹയോഗിയാകില്ല എന്നാൽ സഹയോഗം എടുത്തു കൊണ്ടിരിക്കൂ, സഹയോഗിയാക്കി കൊണ്ടിരിക്കൂ. അപ്പോൾ സഹയോഗത്തിൽ മുന്നോട്ട് പോയി പോയി സഹയോഗം അവരെ യോഗിയാക്കി മാറ്റുന്നു. സഹയോഗി ആത്മാക്കളെ സ്റ്റേജിലേക്ക് കൊണ്ടു വരൂ, അവരുടെ സഹയോഗത്തെ സഫലമാക്കൂ. മനസ്സിലായോ, എന്ത് ചെയ്യണം? ഏതെങ്കിലും ഒരാത്മാവെങ്കിലും സഹയോഗിയാകുന്നുവെങ്കിൽ ആ ആത്മാവ് പ്രാക്ടിക്കലിൽ സഹയോഗം നേടുന്നതിൽ, നല്കുന്നതിൽ, പ്രത്യക്ഷമായ ആശീർവാദങ്ങളിലൂടെ സഹജമായി മുന്നോട്ടുയരുന്നു, അനേകം പേരുടെ സേവനത്തിന് നിമിത്തവുമാകുന്നു.

അതോടൊപ്പം വർഷത്തിൽ ചില മാസത്തെ ഫിക്സാക്കൂ, ഏതെങ്കിലും വിശേഷ മാസം സ്വയത്തിന്റെ പുരുഷാർത്ഥം അഥവാ ശ്രേഷ്ഠമായ ശക്തി ധാരണ ചെയ്യുന്നതിന്റെ അഭ്യാസത്തെ, അതിനെയാണ് നിങ്ങൾ തപസ്യ, റിട്രീറ്റ് അഥവാ ഭട്ഠി എന്ന് പറയുന്നത്. ഓരോ ദേശത്തിനനുസരിച്ച് രണ്ട് രണ്ട് മാസം ഫിക്സ് ചെയ്യൂ, സീസൺ പോലെ. രണ്ട് മാസം തപസ്യയുടേത്, രണ്ട് മാസം ചെറിയ ചെറിയ സേവനങ്ങൾക്ക്, രണ്ട് മാസം വലിയ രൂപത്തിലുള്ള സേവനങ്ങൾക്കായി ഫിക്സ് ചെയ്യൂ. അല്ലാതെ സ്വ ഉന്നതിക്കുള്ള സമയം പോലും ലഭിക്കാത്ത വിധത്തിൽ 12 മാസം സേവനത്തിൽ ബിസിയായിരിക്കുന്നു, അങ്ങനെയാകരുത്. ഏതുപോലെ ദേശത്തിലെ സീസൺ അനുസരിച്ച്, ചില സമയത്ത് പുറമേയുള്ള സേവനം ചെയ്യാൻ സാധിക്കില്ല, ആ സമയം തന്റെ ഉന്നതിക്കായുള്ളതാണെന്ന് മനസ്സിലാക്കി വിശേഷ രൂപത്തിൽ കാണൂ. മുഴുവൻ വർഷവും സേവനം ചെയ്യണ്ട, ഇത് സാധ്യമല്ല, മുഴുവൻ വർഷം കേവലം തപസ്യ ചെയ്യാനും സാധിക്കില്ല, അതിനാൽ രണ്ടിനെയും ഒപ്പത്തിനൊപ്പം ലക്ഷ്യത്തിൽ വച്ച് തന്റെ സ്ഥാനത്തിനനുസരിച്ച് ഫിക്സാക്കൂ അതിൽ സേവനവും സ്വ ഉന്നതിയും ഒപ്പത്തിനൊപ്പം ഉണ്ടാകണം.

ശരി. ഈ വർഷത്തെ സീസണിന്റെ സമാപ്തിയാണ്. സമാപ്തിയിൽ എന്താണ് ചെയ്യുന്നത്? സമാപ്തിയിൽ ഒന്ന് സമാരോഹണം ആഘോഷിക്കും, രണ്ടാമത് ആദ്ധ്യാത്മികമായ കാര്യങ്ങളിൽ സ്വാഹാ ചെയ്യും. അതിനാൽ ഇപ്പോൾ എന്ത് സ്വാഹാ ചെയ്യും? ഒരു കാര്യം വിശേഷിച്ചും മനസ്സും ബുദ്ധിയും കൊണ്ട് സ്വാഹാ ചെയ്യൂ, വാക്കിലൂടെയല്ല, കേവലം പഠിച്ചു അതല്ല, മനസ്സും ബുദ്ധിയും കൊണ്ട് സ്വാഹാ ചെയ്യൂ. എന്നിട്ട് കാണൂ, സ്വയത്തിലും സേവനത്തിലും എങ്ങനെ തീവ്ര ഗതിയുണ്ടാകുന്നു എന്ന്. അതിനാൽ ഇന്നത്തെ അലയാണ്– ഏതൊരാത്മാവിനെ പ്രതിയുള്ള വ്യർത്ഥമായ വൈബ്രേഷൻസിനെ സ്വാഹാ ചെയ്യൂ. സ്വാഹാ ചെയ്യാൻ സാധിക്കില്ലേ? അതോ കുറച്ച് കുറച്ച് അവശേഷിച്ചിരിക്കുമോ? ഇവരിങ്ങനെ തന്നെയാണ് എന്ന് ചിന്തിക്കുകയാണെങ്കിൽ അതിന്റെ വൈബ്രേഷൻസും ഉണ്ടായിരിക്കില്ലേ. എങ്ങനെ തന്നെയാകട്ടെ പക്ഷെ നിങ്ങൾ നെഗറ്റീവ് വൈബ്രേഷനെ പരിവർത്തനപ്പെടുത്തി പോസിറ്റീവ് വൈബ്രേഷൻസ് വയ്ക്കുകയാണെങ്കിൽ ആ ആത്മാവും നെഗറ്റീവിൽ നിന്നും പോസിറ്റീവിലേക്ക് വന്നു ചേരും, വരിക തന്നെ വേണം കാരണം എപ്പോൾ വരെ ആ വ്യർത്ഥമായ വൈബ്രേഷൻസ് മനസ്സിലും ബുദ്ധിയിലുമുണ്ടോ, അത് വരെ തീവ്ര ഗതിയോടെ സേവനം നടക്കില്ല.

മനോഭാവനയിലൂടെ ആത്മീയ വൈബ്രേഷൻസ് വ്യാപിപ്പിക്കണം. മനോഭാവനയാണ് റോക്കറ്റ്, ഇവിടെയിരുന്ന് കൊണ്ടും എവിടെ ആഗ്രഹിക്കുന്നുവൊ, എത്രത്തോളം ശക്തിശാലി പരിവർത്തനം  കൊണ്ടു വരാനാഗ്രഹിക്കുന്നുവൊ അത് ചെയ്യാൻ സാധിക്കും. ഇത് ആത്മീയ റോക്കറ്റാണ്. എവിടം വരെ എത്ര പേരെയെത്തിക്കാൻ ആഗ്രഹിക്കുന്നുവൊ, അത്രയും ശക്തിശാലി മനോഭാവനയിലൂടെ വൈബ്രേഷൻസ്, വൈബ്രേഷൻസിലൂടെ അന്തരീക്ഷത്തെയുണ്ടാക്കാനും സാധിക്കുന്നു. അവർ ശരിക്കും തെറ്റാണെങ്കിലും നിങ്ങൾ അവരുടെ തെറ്റിനെ ധാരണ ചെയ്യാതിരിക്കൂ. തെറ്റിനെ നിങ്ങൾ എന്തിന് ധാരണ ചെയ്യുന്നു? ഇത് ശ്രീമത്താണോ? മനസ്സിലാക്കുക എന്നത് വേറെയാണ്. നോളേജ്ഫുൾ ആകൂ എന്നാൽ നോളേജ്ഫുളിനോടൊപ്പം ശക്തിശാലിയായി അതിനെ സമാപ്തമാക്കൂ. മനസ്സിലാക്കുക എന്നത് വേറെയാണ്, ഉൾക്കൊള്ളുക വേറെ, സമാപ്തമാക്കുക വേറെയാണ്. ഇത് തെറ്റാണ്, ഇത് ശരിയാണ് എന്ന് മനസ്സിലാക്കുന്നുണ്ട്. എന്നാൽ ഉള്ളിൽ അത് വയ്ക്കാതിരിക്കൂ. ഉൾക്കൊള്ളാൻ അറിയാം, സമാപ്തമാക്കാൻ അറിയില്ല. ജ്ഞാനം അർത്ഥം അറിവ്.  മനസ്സിലാക്കാനും സമാപ്തമാക്കാനും, പരിവർത്തനപ്പെടുത്താനും അറിയുന്നവരെയാണ് വിവേകശാലികളെന്ന് പറയുന്നത്.

ഈ വർഷത്തിൽ മനസ്സിനെയും ബുദ്ധിയെയും തീർത്തും വ്യർത്ഥത്തിൽ നിന്നും ഫ്രീയാക്കൂ. ഈ ഫാസ്റ്റ് ഗതിയെ സാധാരണ രീതിയിലേക്ക് കൊണ്ടു വരുന്നു അതിനാൽ ഈ സമാപ്തി സമാരോഹണം ആഘോഷിക്കൂ അർത്ഥം സ്വാഹാ ചെയ്യൂ. തീർത്തും ക്ലീൻ. എങ്ങനെ തന്നെയാകട്ടെ, ക്ഷമിക്കൂ. ശുഭ ഭാവന, ശുഭ കാമനയിലൂടെ ശുഭമായ വൈബ്രേഷൻസ് ധാരണ ചെയ്യൂ കാരണം ലാസ്റ്റിൽ നിന്നും മുന്നോട്ടുയരുമ്പോൾ ഇതേ മനോഭവനയും, വൈബ്രേഷൻസും നിങ്ങളുടെ സേവനത്തെ വർദ്ധിപ്പിക്കും, അപ്പോൾ എത്രയും പെട്ടെന്ന് കുറഞ്ഞത് 9 ലക്ഷമാക്കാൻ സാധിക്കും. മനസ്സിലായോ, എന്താണ് സ്വാഹാ ചെയ്യേണ്ടതെന്ന്. വ്യർത്ഥമായ മനോഭാവന, വ്യർത്ഥമായ വൈബ്രേഷൻസ് സ്വാഹാ! എന്നിട്ട് നോക്കൂ, നാച്ചുറൽ യോഗി, നേച്ചറൽ ഫരിസ്ഥയായിത്തീർന്നിരിക്കും. ഈ അനുഭവത്തിൽ റിട്രീറ്റ് ചെയ്യൂ, ചർച്ച ചെയ്യൂ.ശരി.

സദാ സ്വയത്തെ അടിക്കടി യഥാർത്ഥ സ്വരൂത്തിൽ– ഞാൻ നാരാകാരിയാണ്– ഇങ്ങനെയുള്ള നിശ്ചയത്തിലും ലഹരിയിലും പറക്കുന്ന, സദാ വിനയത്തിലൂടെ മഹാനതയുടെ പ്രാപ്തിയുടെ  അനുഭവി ആത്മാക്കൾ, അങ്ങനെ വിനയം, സദാ മഹാൻ, സദാ ആകാരി, നിരാകാരി സ്ഥിതിയെ തന്റെ സ്വഭാവവും സ്വാഭാവികവുമാക്കുന്ന സർവ്വ ശ്രേഷ്ഠമായ  ആത്മാക്കൾക്ക് ബാപ്ദാദായുടെ വളരെ വളരെ സ്നേഹ സ്മരണയും നമസ്തേയും.

**വരദാനം- ഈ മർജീവാ ജീവിതത്തിൽ സദാ സന്തുഷ്ടരായിരിക്കുന്ന ഇച്ഛാ മാത്രം അവിദ്യയായി ഭവിക്കട്ടെ.**

നിങ്ങൾ കുട്ടികൾ മർജീവായായത് സദാ സന്തുഷ്ടരായിരിക്കുന്നതിനാണ്. സന്തുഷ്ടതയുള്ളയിടത്ത് സർവ്വ ഗുണങ്ങളും സർവ്വ ശക്തികളുമുണ്ട് കാരണം രചയിതാവിനെ സ്വന്തമാക്കി, അതിനാൽ ബാബയെ ലഭിച്ചു സർവ്വതും ലഭിച്ചു. സർവ്വ ഇച്ഛകളും ഒരുമിപ്പിക്കുകയാണെങ്കിൽ അതിനേക്കാൾ കോടിമടങ്ങ് ലഭിച്ചിട്ടുണ്ട്. അതിന് മുന്നിൽ ഇച്ഛകൾ സൂര്യന് മുന്നിൽ ദീപം പോലെയാണ്. ഇച്ഛകൾ ഉത്പന്നമാകുന്ന കാര്യത്തെ ഉപേക്ഷിക്കൂ എന്നാൽ ഇച്ഛയുണ്ടാകുന്നു- എന്ന ചോദ്യമേ ഉദിക്കുകയില്ല. സർവ്വ പ്രാപ്തി സമ്പന്നമാണ് അതിനാൽ ഇച്ഛാ മാത്രം അവിദ്യ, സദാ സന്തുഷ്ടമണി.

**സ്ലോഗൻ- സംസ്ക്കാരം സഹജമായിട്ടുള്ളവർക്ക് ഏതൊരു പരിതസ്ഥിതിയിലും സ്വയത്തെ പാകപ്പെടുത്താൻ സാധിക്കുന്നു.**